ഊർജതന്ത്രം – *X-PART-1 CLASS 36*






## പ്രകാശത്തിന്റെ പ്രതിപതനം

*വസ്തുക്കളുടെ ഉപരിതലത്തിൽ തട്ടി പ്രകാശരശ്മികൾ അതേ മാധ്യമത്തിലേക്ക്തന്നെ തിരികെ വരുന്നതാണ് പ്രകാശപ്രതിപതനം.

### പ്രതിപതന നിയമങ്ങൾ




- പതന രശ്മി ഏതാണ് ?

  AO

- പ്രതിപതന രശ്മി ഏതാണ് ?

  OB

- പതനകോണിന്റെയും പ്രതിപതനകോണിന്റെയും അളവുകൾ തമ്മിൽ ബന്ധമുണ്ടോ?

  പതനകോണും പ്രതിപതനകോണും തുല്യമാണ്

- പതന രശ്മിയും പ്രതിപതന രശ്മിയും പതന ബിന്ദുവിൽ നിന്നും ദർപ്പണത്തിനു വരയ്ക്കുന്ന ലംബവും വ്യത്യസ്ത തലങ്ങളിലാണോ ?

  ഒരേ തലത്തിലാണ്

## പ്രതിപതന നിയമങ്ങൾ

മിനുസമുള്ള പ്രതലങ്ങളിൽ തട്ടി പ്രകാശം പ്രതിപതിക്കുമ്പോൾ പതന കോണും പ്രതി പതനകോണും തുല്യമായിരിക്കും. പതന രശ്മിയും പ്രതിപതന രശ്മിയും പതന ബിന്ദുവിൽ നിന്നും ദർപ്പണത്തിനു വരയ്ക്കുന്ന ലംബവും ഒരേ തലത്തിൽ ആയിരിക്കും

## ക്രമപ്രതിപതനവും വിസരിത പ്രതിപതനവും




ചിത്രം 4.2

## ക്രമപ്രതിപതനം

മിനുസമായ പ്രതലത്തിൽ പതിക്കുമ്പോൾ പ്രകാശം ക്രമമായി പ്രതിപതിക്കുന്നതാണ് ക്രമപ്രതിപതനം. പ്രതിപതനത്തിന് ശേഷം പ്രകാശരശ്മികൾ സമാന്തരമായി സഞ്ചരിക്കുന്നു.

## വിസരിത പ്രതിപതനം

മിനുസമല്ലാത്ത പ്രതലത്തിൽ പതിക്കുമ്പോൾ പ്രകാശം ക്രമരഹിതമായി പ്രതിപതിക്കുന്നതാണ് . ഇതാണ് വിസരിത പ്രതിപതനം .

## സമതല ദർപ്പണങ്ങളുടെ പ്രതിബിംബ രൂപീകരണം

ഒരു സമതലദർപ്പണം ത്തിൻറെ മുമ്പിലായി O എന്ന ബിന്ദുവിൽ പ്രകാശസ്രോതസ്സ് ക്രമീകരിക്കുക. OA,OC എന്നീ രണ്ടു പ്രകാശരശ്മികൾ ദർപ്പണത്തിൽ ചരിഞ്ഞു പതിക്കുന്നതായി കണക്കാക്കുക.



## പ്രതിബിംബത്തിന്റെ സവിശേഷതകൾ

ദർപ്പണത്തിൽനിന്നും വസ്തുവിലേക്കും പ്രതിബിംബത്തിലേക്കും ഉള്ള അകലം തുല്യമാണ് .

തുല്യ വലുപ്പം

മിഥ്യാ പ്രതിബിംബം

നിവർന്ന പ്രതിബിംബം

## ആവർത്തനപ്രതിപതനവും പ്രതിബിംബ രൂപീകരണവും

രണ്ട സമതലദർപ്പണങ്ങളെ അവയുടെ അരികുകൾ ചേർന്ന വരത്തക്കവിധത്തിൽ ചിത്രത്തിൽ കാണുന്നതുപോലെ ക്രമീകരിക്കുക. ഒരു മെഴുകുതിരി കത്തിച്ച് വയ്ക്കുക



| കോണളവ് (θ) | പ്രതിബിംബങ്ങളുടെ എണ്ണം (*n*) |
|---|---|
| 45 | 7 |
| 60 | 5 |
| 90 | 3 |
| 120 | 2 |
| 180 | 1 |

* A,B എന്നീ ബിന്ദുക്കളിൽ നിന്ന നോക്കുമ്പോൾ എത്ര പ്രതിബിംബങ്ങൾ കാണാം ?

3

* ദർപ്പണങ്ങൾക്കിടയിലെ മറ്റ സ്ഥലങ്ങളിൽനിന്നോ?

3

* ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ് എത്രയാണ് ?

$90^o$

* ദർപ്പണങ്ങൾ തമ്മിലുള്ള കോണളവും പ്രതിബിംബങ്ങളുടെ എണ്ണവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?

$$\text{പ്രതിബിംബങ്ങളുടെ എണ്ണം } n = \frac{360}{\theta} - 1$$

ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ് വ്യത്യാസപ്പെടുത്തി
പ്രതിബിംബങ്ങളുടെ എണ്ണം വ്യത്യാസപ്പെടുത്താം

## അസൈൻമെന്റ്

1. ദർപ്പണങ്ങൾ $30^{\circ}$ യിൽ ക്രമീകരിച്ചാൽ എത്ര പ്രതിബിംബങ്ങൾ ലഭിക്കും

2. 5 പ്രതിബിംബങ്ങൾ ലഭിക്കാൻ ദർപ്പണങ്ങൾ എത്ര കോണളവിലാണ് ക്രമീകരിക്കേണ്ടത് ?